# മഹാത്മാഗാന്ധി സർവ്വകലാശാല

## കോട്ടയം - 686560

തമ്പി മാത്യു
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 2731020, 273265
മൊബൈൽ: 9446025407

പി.ആർ.ഒ./39/195/2018 2018 സെപ്റ്റംബർ 17

## പത്രക്കുറിപ്പ്

**എം.ജി. ഏകജാലകം സീറ്റൊഴിവ്**

എം.ജി. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലെ വിവിധ യു.ജി പ്രോഗ്രാമിലേക്ക് ഈ മാസം 17 ന് ശേഷം ഒഴിവു വരുന്ന സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക്, ബന്ധപ്പെട്ട കോളേജുകളിൽ ഈ മാസം 22-ാം തീയതി വരെ നേരിട്ട് അപേക്ഷ സമർപ്പിക്കാം. വിശദാംശങ്ങൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ.

പി.ജി. ഏകജാലകം ഒന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനത്തിന് അർഹത നേടിയവർ ഈ മാസം 19 ന് 4.30 ന് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അതിനു ശേഷം ഫീസ് ഒടുക്കാത്തവരുടെയും പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസ് അടച്ച് അലോട്ട് മെന്റ് മെമോയുടെ പ്രിന്റൗട്ടെടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ ഹാജരാക്കണം.

**സീറ്റൊഴിവ്**

സ്കൂൾ ഓഫ് ബയോസയൻസസ് ഡിപ്പാർട്ട്മെന്റിൽ 2018-19 അക്കാദമിക് വർഷത്തെ പി.ജി പ്രോഗ്രാമുകളായ ബയോകെമിസ്ട്രി, മൈക്രോ ബയോളജി എന്നീ പ്രോഗ്രാമുകളിൽ പട്ടിക വർഗ്ഗ (എസ്.ടി) വിഭാഗത്തിൽ ഓരോ ഒഴിവ് വീതമുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഈ മാസം 19 ന് 10 മണിക്ക് സ്കൂൾ ഓഫ് ബയോസയൻസസിൽ ഹാജരാവേണ്ടതാണ്. ഫോൺ: 0481 2731035

**മഹാപ്രളയം സെമിനാർ**

കേരളം നേരിട്ട വെള്ളപ്പൊക്കത്തിന്റെയും മറ്റ് പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ശാസ്ത്രീയ രീതികൾ എല്ലാ ജനങ്ങളിലും എത്തിക്കുക എന്ന ഉദ്ദേശത്തിൽ എം.ജി. സർവ്വകലാശാല, പരിസ്ഥിതി പഠന വകുപ്പ് വരും മാസങ്ങളിൽ സംഘടിപ്പിക്കുന്ന ഡിസാസ്റ്റർ മാനേജ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഔദ്യോഗിക ഉദ്ഘാടനം വൈസ് ചാൻസിലർ ഡോ. സാബു തോമസ് നിർവഹിച്ചു. ഡയറക്ടർ പ്രൊഫ. ഇ.വി. രാമസ്വാമി അധ്യക്ഷത വഹിച്ചു. പ്രൊഫ. സി.ടി. അരവിന്ദ് കുമാർ പ്രസംഗിച്ചു. ഡോ. എം.ജി. മനോജ്, ഡോ. ജോർജ് എബി, ഡോ. ജോൺ മത്തായി എന്നിവർ വിഷയാവതരണം നടത്തി.

**പരീക്ഷാ ഫലം**

2018 മെയ് മാസം നടന്ന നാലാം സെമസ്റ്റർ എം.എസ്.സി. സുവോളജി (റെഗുലർ/സപ്ലിമെന്ററി), നാലാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് സി.എസ്.എസ് (റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി), നാലാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ് പി.ജി. സി.എസ്.എസ്, നാലാം സെമസ്റ്റർ എം.എസ്.സി. ബോട്ടണി സി.എസ്.എസ് (റെഗുലർ/സപ്ലിമെന്ററി), നാലാം സെമസ്റ്റർ പി.ജി. സി.എസ്.എസ് എം.എസ്.സി. ഹോം സയൻസ് ബ്രാഞ്ച് X(A) ചൈൽഡ് ഡവലപ്മെന്റ് & ബിഹേവിയറൽ സയൻസ്, നാലാം സെമസ്റ്റർ എം.എ മ്യൂസിക് വീണ, വയലിൻ (റെഗുലർ/സപ്ലിമെന്ററി) പരീക്ഷാ ഫലം പ്രഖ്യാപിച്ചു. പുനർ മൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ ഒക്ടോബർ മാസം 3-ാം തീയതി വരെ സമർപ്പിക്കാവുന്നതാണ്.

പി.ആർ.ഒ. (ഇൻ ചാർജ്ജ്)